# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3335 — 24/02/2016 -ൽ മറുപടിക്ക്

## കുന്നുംഭാഗം സ്പോർട്സ് സ്കൂൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.എൻ.ജയരാജ് | | ശ്രീ. പി.കെ.അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | കാഞ്ഞിരപ്പള്ളി കുന്നുംഭാഗത്ത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സ്പോർട്സ് സ്കൂളിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ ; | (എ) | കാഞ്ഞിരപ്പള്ളി കുന്നുംഭാഗം ഗവൺമെന്റ് ഹൈസ്കൂളിന്റെ 5.27 ഏക്കർ കോമ്പൗണ്ടിൽ നിന്നും സ്പോർട്സ് സ്കൂൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലത്തിന് വിദ്യാഭ്യാസ വകുപ്പ് സ്പോർട്സ് വകുപ്പിന് പെർമിസീവ് സാങ്ഷൻ നൽകുന്നതിന് 05.01.2014 ബഹു. ധനമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചു. മെസ്സേഴ്സ് കിറ്റ്കോ തയ്യാറാക്കി നൽകിയ 9,91,50,000/- രൂപ (ഒൻപത് കോടി തൊണ്ണൂറ്റി ഒന്ന് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) യുടെ എസ്റ്റിമേറ്റ് കൗൺസിൽ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത സ്കൂളിൽ 2016-17 അദ്ധ്യയന വർഷം തന്നെ കുട്ടികളെ പ്രവേശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) & (സി) | പരിശോധിയ്ക്കുന്നതാണ് |
| (സി) | നിലവിലുള്ള സ്കൂൾ അതേ രീതിയിൽ തുടർന്നുകൊണ്ട് സ്പോർട്സ് ഡിവിഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | | |

(..........2)

| | | | |
|---|---|---|---|
| (ഡി) | ദേശീയ ഗെയിംസ് വില്ലേജിന്റെ പ്രീ ഫേബ് ഹൗസിംഗ് യൂണിറ്റ് അനുവദിച്ചതനുസരിച്ച് കെട്ടിട നിർമ്മാണം എപ്പോഴത്തേക്ക് പൂർത്തിയാക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ ? | (ഡി) | ദേശീയ ഗെയിംസ് വില്ലേജിൽ നിന്നും 3 പ്രീ ഫേബ് യൂണിറ്റുകളാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. ആയത് ടി സ്കൂളിൽ എത്തിയ്ക്കുന്നതിന് 2 ലക്ഷം രൂപ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അനുവദിക്കണമെന്ന് സ.ഉ (സാധാ) നം.46/16/കാ.യു.വ പ്രകാരം സർക്കാർ ഉത്തരവായിരിക്കുന്നു. പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷം അനുവദിയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണം സംബന്ധിച്ച് നടപടി സ്വീകരിയ്ക്കേണ്ടത് ബന്ധപ്പെട്ട സ്കൂൾ അധികൃതരാണ്. |

Sindhu

സെക്ഷൻ ഓഫീസർ